(ബി) പ്രസ്തുത വില്ലേജിൽപ്പെട്ട പട്ടികജാതിക്കാർക്കും ഒരു കോളനി വേണമെന്നുള്ള നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) അഞ്ചു് ഏക്കർ മുപ്പതു് സെൻറു് ഭൂമി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) വനസംരക്ഷണത്തിനു ഹാനികരമായതുകൊണ്ടു് കൂടുതൽ സ്ഥലം കോളനിക്കായി കൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് നിവേദനം നിരസിച്ചു.

ശ്രീ. ടി. കൃഷ്ണൻ : ഗിരിവർഗ്ഗക്കാർക്കു് കോളനി അനുവദിച്ചുകൊടുക്കുന്നതിൽ ഒരു എതിരും പറയാതെ അനുവദിച്ചുകൊടുക്കുന്നതും, പട്ടികജാതിക്കാർ ആവശ്യപ്പെടുമ്പോഴും വനസംരക്ഷണമാണെന്നു് പറയുന്നതും എന്തടിസ്ഥാനത്തിലാണു് ?

ശ്രീ. കെ. കുഞ്ഞമ്പു : ഗിരിവർഗ്ഗക്കാർ അവിടെ പുരാതനമായി താമസിച്ചിരുന്നതുകൊണ്ടാണു് അവർക്കു് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കോളനി ആവശ്യത്തിനുവേണ്ടി ഗവണ്മെൻറു വനങ്ങളിൽനിന്നും വല്ല ജില്ലകളിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നും കോളനിയുടെ ആവശ്യത്തിനുവേണ്ടി തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽതന്നെ മഞ്ഞപ്പാറ എന്ന സ്ഥലത്തുനിന്നു് ഇരുന്നൂറു ഏക്കർ അനുവദിച്ചിട്ടുണ്ടു്. ഇതിനു മുമ്പു കോഴിക്കോട്ടു് ജില്ലയിൽ കുത്താളി എന്ന സ്ഥലത്തുനിന്നും ഇരുന്നൂറു ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടു്. അതു് എടുക്കുന്നതിനുള്ള സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : ഇടമൺ വില്ലേജിൽതന്നെ എവിടെയെങ്കിലും പട്ടികജാതിക്കാർക്കു് കോളനി അനുവദിച്ചുകൊടുക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെപ്പറ്റി പരിശോധിക്കാം.

വ്യവസായങ്ങൾ

* 917. [7] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൻെറ കീഴിലും ഗവണ്മെൻറു നിയന്ത്രണത്തിലും ഓഹരി മൂലധനത്തിൽ ഗവണ്മെൻറിനു പങ്കാളിത്തമുള്ളതുമായ വ്യവസായങ്ങൾ ഏതെല്ലാം ;

(ബി) ഓരോ ഇനത്തിൽ പെട്ടതിലും ഗവണ്മെൻറിൻെറ മുതൽ മുടക്കു് എത്ര ; കഴിഞ്ഞ 3 കൊല്ലക്കാലത്തു് അവയുടെ ലാഭനഷ്ടക്കണക്കെത്ര ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ, ബി) വിവരങ്ങൾ അടങ്ങുന്ന ഒരു † പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : മേശപ്പുറത്തുവെച്ച പട്ടികയിൽ ഗവണ്മെൻറ് ആഭിമുഖ്യത്തിൽ നടത്തുന്ന പത്തു വ്യവസായങ്ങളിൽ മൂന്നു എണ്ണം ഭൂരിപക്ഷമായ ലാഭത്തിലും ബാക്കി ഏഴു എണ്ണം ഭീമമായ നഷ്ടത്തിലും ആണു നടത്തുന്നതു എന്നു കാണുന്നു. പ്രൈവറ്റ് സെക്ടറിൽ ഗവണ്മെൻറ് ഓഹരി എടുത്തു നടത്തുന്ന 22 വ്യവസായങ്ങളിൽ മൂന്നു എണ്ണം നഷ്ടത്തിലും, ബാക്കി പത്തൊൻപതു എണ്ണം നല്ല ലാഭത്തിലും നടത്തുന്നതായി കാണുന്നു. ഇതിൽ നിന്നു സഹകാര്യമേഖലയിൽ നടത്തുന്ന വ്യവസായങ്ങൾ വളരെ കാര്യക്ഷമമായും, ലാഭത്തിലും നടത്തുന്നുവെന്നും ഗവണ്മെൻറ് ഉടമയിൽ നടത്തുന്ന വ്യവസായങ്ങൾ ആ നിലയിലല്ലെന്നും കണക്കാക്കാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ കണക്കാക്കുന്നതു ശരിയായിരിക്കുകയില്ല. പൊതുമേഖലയിൽ വ്യവസായങ്ങൾ നടത്തുമ്പോൾ അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു ആവശ്യമുള്ള സംഘടന ഉണ്ടാകണം. ഇവിടെ പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളെ ഓരോ വ്യവസായഡിപ്പാർട്ടുമെൻറ് നേരിട്ടു നടത്തുന്നതു നിമിത്തം സാമ്പത്തികമായി പൂർണ്ണമായ പ്രവർത്തനം ഇല്ലാതെ പോയി എന്നുള്ളതുകൊണ്ടാണു നഷ്ടം വരുന്നതെന്നു വിദഗ്ധാഭിപ്രായം ഉണ്ടായിട്ടുണ്ടു്. ആ അഭിപ്രായത്തിൻറെ അടിസ്ഥാനത്തിൽ ഇവിടെ പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളെല്ലാംതന്നെ ഒരു കോർപ്പറേഷനായി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്തായാലും വ്യവസായ ഡിപ്പാർട്ടുമെൻറിൻറെ കീഴിൽ നടത്തുന്ന വ്യവസായങ്ങളെല്ലാംതന്നെ വളരെ മോശമായ നിലയിലാണു് നടക്കുന്നതെന്നുള്ള വസ്തുത മനസ്സിലാക്കി അവയെല്ലാംതന്നെ ഒരു കോർപ്പറേഷനായി രൂപീകരിച്ചു് അതിൻറെ കീഴിൽ പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റി ഒരു തീരുമാനം ഈ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതുതന്നെയാണു് ഞാൻ പറഞ്ഞതു്. പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളെല്ലാംകൂടി ഒരു കോർപ്പറേഷനായി രൂപവൽക്കരിച്ചു് അതിൻറെ കീഴിൽ പ്രവർത്തനം തുടങ്ങി കഴിഞ്ഞിട്ടുണ്ടു് എന്നു്.

വൻകിട വ്യവസായം

* 918. [8] ‡ ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഡിസ്ട്രിക്ടിൽ എന്തെങ്കിലും വൻകിട വ്യവസായം ഇപ്പോഴുണ്ടോ ;

(ബി) അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ഡിസ്ട്രിക്ടിൽ എന്തെങ്കിലും വൻകിടവ്യവസായം പൊതുമേഖലയിൽ ആരംഭിക്കുന്നതിനു വേണ്ടതു ചെയ്യുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഇപ്പോൾ രണ്ടു വൻകിട വ്യവസായങ്ങൾ ഉണ്ടു്. മൂന്നാമതൊരെണ്ണം തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണു്.

(ബി) അതിനുള്ള സാദ്ധ്യതകൾ ഉണ്ടോയെന്നു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

---

† Appendix II.

† Put by Shri K. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[Please see Answer to Starred Question No. 917 (7)]

Sl. No.	*Name of Concern*	*Capital investment Government share*	(+) *Profit or* (—) *Loss*			*Remarks*
			1960-61	1961-62	1962-63	
			1960	1961	1962	
(1)	(2)	(3)	(4)	(5)	(6)	(7)
Government owned Industrial Concerns						
1.	Travancore Rubber Works, Trivandrum	27,71,241	(+) 1,16,119	(—) 2,21,673	(—) 1,08,270	Loss is not expected to be a regular nature
2.	Kerala Government Cycle Rim Factory, Trivandrum	20,10,758	(—) 19,093	(+) 6,154	(—) 80,756	The product of this Concern is in the stage of popularisation
3.	Trivandrum Spinning Mills, Balaramapuram	53,33,215	..	..	(—) 2,25,447	Commercial production has started only very recently and full production is only being attained
4.	Shark Liver Oil Factory, Trivandrum	2,61,573	(—) 12,069	(+) 6,056	(—) 13,000	This Concern is a small one and cannot exist as an independent one economically

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II—(*contd.*)

(1)	(2)	(3)	(4)	(5)	(6)	(7)
5.	Kerala Government Ceramics, Kundara	38,00,000	(—) 2,17,752	(—) 2,99,641	(—) 3,12,353	The loss is mainly due to overcapitalisation & consequent high amount of interest on capital
6.	Travancore Plywood Industries, Punalur	12,36,000	(+) 58,270	(+) 1,50,100	(+) 2,69,553	
7.	Government Ceramic Concerns, Kundara	18,52,000	(+) 1,07,065	(+) 1,09,341	(—) 57,879	The loss is not expected to be a regular nature
8.	Government Oil Factory, Calicut	3,80,800	(+) 16,169	(+) 55,377	(+) 1,05,961	
9.	Government Hydrogenation Factory, Calicut	28,48,492	(—) 2,33,424	(+) 3,37,205	(—) 2,52,000	The Concern's product is a new entrant in the Vanaspathy market and the product is in the stage of popularisation
10.	Kerala Soap Institute Calicut	15,91,568	(—) 39,370	(+) 76,527	(+) 16,309	
Government Managed/Sponsored and Companies in which Government have Shares.						
11.	Electrical & Allied Industries (Travancore) Ltd., Kundara	7,70,000	(—) 1,59,314	(—) 46,411	(—) 18,750	Lack of sufficient capital is the main reason for the loss. Steps have been taken to take over the Company by the Government

LIBRARY ARCHIVES Kerala Legislative Assembly

12.	Sitaram Spinning and Weaving Mills Ltd., Kundara	54,26,892	(—) 7,15,994	(—) 3,71,473	(—) 2,97,163	This Concern is not working now
13.	F. X. P. Minerals,Chavara	5,15,009	..	(—) 3,98,014	(+) 1,30,000	
14.	The Kerala Premo Pipe Factory, Chavara	12,50,000	..	(—) 25,511	(+) 8,285	
15.	Fertilisers & Chemicals (Trav.) Ltd., Alwaye	2,17,50,000	(+) 48,64,798	(+) 32,63,804	(—) 35,65,987	Consequent on the Government of India's participation in the share capital this Company became a Government of India Undertaking (i. e. Major share Government of India
16.	Travancore-Cochin Chemicals Ltd., Udyogamandal	75,00,000	(+) 15,12,266	(+) 18,60,398	(+) 15,39,265	
17.	United Electrical Industries Ltd., Quilon	7,75,000	(—) 2,06,433	(+) 4,15,672	(+) 5,14,131	
18.	Travancore Titanium Products, Trivandrum	39,55,640	(+) 22,88,000	(+) 16,51,021	(+) 10,62,500	
19.	Forest Industries (Travancore) Ltd., Alwaye	5,17,000	(+) 6,97,656	(+) 9,56,888	(+) 4,38,984	

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II—(*contd.*)

(1)	(2)	(3)	(4)	(5)	(6)	(7)
20.	Pallathra Bricks & Tiles Ltd., Kottayam	10,44,440	..	..		Production not fully started o.
21.	Travancore Cements Ltd. Kottayam	16,00,000	(+) 5,21,843	(+) 4,99,058	(+) 9,67,529	
22.	Travancore Electro Chemical Industries Ltd., Chingavanam	7,00,000	..	..	..	Production not started
23.	Travancore Minerals Ltd., Quilon	22,50,000	(+) 7,98,366	(+) 7,42,374	(+) 3,10,163	
24.	Vijayamohini Mills Ltd. Trivandrum	1,00,000	..	(+) 1,40,859	(+) 1,04,192	
25.	Travancore Sugars & Chemicals Ltd., Thiruvalla	4,28,050	(+) 2,95,435	(+) 46,532	(+) 4,26,950	
26.	The Aluminium Industries Ltd., Kundara	4,00,000	(+) 18,28,862	(+) 23,16,766	(+) 15,89,720	
27.	The Travancore Ogale Glass Manufacturing Co. Ltd., Udyogamandal	2,20,000	(+) 88,809	(+) 1,34,623	(+) 1,86,463	
28.	Metal Industries Ltd., Shoranur	2,00,000	(+) 27,849	(+) 46,172	(+) 44,284	

LIBRARY ARCHIVES Kerala Legislative Assembly

29.	Prembe Tyres Ltd., Ernakulam	50,00,000	..	..	..	Production started only in the eve of 1962
30.	Travancore Rayons Ltd. Rayonpuram	30,00,000	(+) 61,61,700	(+) 61,92,397	(+) 30,47,866	
31.	The Indian Aluminium Company Ltd., Alwaye	17,20,000	(+)1,20,00,000	(+)1,11,03,745	(+)1,26,34,073	Profit relates to whole company
32.	Punalur Paper Mills Ltd., Punalur	3,13,875	(+) 3,15,649	(+) 28,182	(+) 74,264	

(Sd.)

For *Director of Industries and Commerce.*